## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. - 3179 15.12.2015- ൽ മറുപടിക്ക്

### കോഴിക്കോട് ജില്ലയിലെ പാലത്ത്-പാലോളിത്താഴം റോഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ചേളന്നൂർ പഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിക്കായി കുഴി എടുത്തത് കാരണം കോഴിക്കോട് ജില്ലയിലെ പാലത്ത്-പാലോളിത്താഴം പി.ഡബ്ല്യു.ഡി റോഡ് അപകടകരമാം വിധം ഗതാഗത യോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) പ്രസ്തുത റോഡിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതി നടത്തിപ്പുകാർ സർക്കാരിൽ പണമടച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക അടച്ചിട്ടുണ്ട്, ഇല്ലെങ്കിൽ എന്തുകൊണ്ട് പണം അടച്ചിട്ടില്ല എന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും പാലത്ത്-പാലോളിത്താഴം റോഡ് ചേളന്നൂർ പഞ്ചായത്തിന്റെ അധീനതയിൽ ആയിരുന്ന സമയത്താണ് ജെ.ഐ.സി.എ പ്രവൃത്തി ആരംഭിച്ചത്. റോഡ് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച സമയത്ത് പ്രസ്തുത ജെ.ഐ.സി.എ പ്രവൃത്തിക്ക് അനുമതി നൽകിയ വിവരം പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടില്ല. പഞ്ചായത്ത് റോഡുകളിൽ ജെ.ഐ.സി.എ പൈപ്പ് ഇടാനുള്ള കിടങ്ങുകൾ നന്നാക്കാൻ വേണ്ടി ജെ.ഐ.സി.എ പണമടയ്ക്കാറില്ല. ജെ.ഐ.സി.എ തന്നെയാണ് റീഫോർമേഷൻ പ്രവൃത്തികളും നടത്തുന്നത്. |
| (സി) അറ്റകുറ്റപ്പണി നടത്തുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതി നടത്തിപ്പുകാർ അനുമതി തേടിയിട്ടുണ്ടോ ; എങ്കിൽ അനുമതി നല്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | |
| (ഡി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ